


ചിത്രീകരണം : അജിലാൽ

# പ്ലാച്ചിമട സമരം - ഇനിയെന്ത്, എങ്ങോട്ട് ?

പ്രൊഫ. എം.കെ. പ്രസാദ്


പ്ലാച്ചിമട സമരം തീർന്നു എന്ന മട്ടിലാണ് പലരും സംസാരിക്കുന്നത്. കേരളത്തിന്റെ മനസ്സാക്ഷി ഉറങ്ങിപ്പോയോ എന്നാണ് എന്റെ സങ്കടം. ശരിയാണ് സമരം ഒരു വഴിത്തിരിവിൽ എത്തിനിൽക്കുകയാണ്. കൊക്കക്കോള കമ്പനി ഇപ്പോൾ പ്രവർത്തിക്കുന്നില്ല. പഞ്ചായത്ത് കമ്പനിക്കു തോന്നുംപോലെ പ്രവർത്തിക്കാൻ അനുവാദം നൽകില്ല. സർക്കാർ കമ്പനിയ്ക്ക് അനുകൂലമായി ആദ്യമൊക്കെ നിന്നെങ്കിലും പിന്നീട് പ്രത്യക്ഷത്തിൽ ആ നില തുടരാനാവാതെ പരുങ്ങി. എന്തു വിലകൊടുത്തും പ്രവർത്തിക്കും എന്ന വാശിയിൽത്തന്നെ കമ്പനി ഇപ്പോൾ ഈ 'ശാന്തത' പ്രധാന തീരുമാനങ്ങൾ സുപ്രീം കോടതി വിധി എന്തെന്നനുസരിച്ചിരിക്കും എന്നതുകൊണ്ടാണ്.

കമ്പനി പ്രവർത്തനം കൊണ്ട് സമീപവാസികളുടെ കുടിവെള്ളം കേടായി എന്നത് യാഥാർത്ഥ്യമാണ്. ഗ്രാമീണർക്ക് കുടിക്കാനും കുളിക്കാനും അലക്കാനും, കൃഷിക്കാർക്ക് കൃഷിയാവശ്യത്തിനും വെള്ളമില്ല എന്ന അവസ്ഥ വന്നു. കമ്പനി മൂലമുണ്ടാകുന്ന മലിനീകരണം തെളിയിക്കപ്പെട്ടിട്ടുണ്ട്. സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡും കേന്ദ്ര ബോർഡും നടത്തിയ പരിശോധനയിൽ പ്ലാച്ചിമടയിലെ കൊക്കക്കോള കമ്പനിയുടെ പ്രവർത്തനഫലമായി മാരകമായ വിഷവസ്തുക്കൾ (ഹസാർഡ്സ് വേസ്റ്റ്) ഉണ്ടാകുന്നുണ്ട്. അവ നിരുപദ്രവമാക്കി തീർക്കാനുള്ള സംവിധാനം കമ്പനിയ്ക്കില്ല എന്നാണ് നിയന്ത്രണബോർഡിന്റെ കണ്ടെത്തൽ. അക്കാരണത്താൽ കമ്പനി പൂട്ടണം എന്ന നിർദ്ദേശം ഉണ്ടായി. ഇപ്പോൾ പ്രവർത്തിക്കാത്തതുകൊണ്ട് പൂട്ടിക്കേണ്ട ഭാരത്തിൽനിന്ന് ബോർഡ് രക്ഷപ്പെട്ടു നിൽക്കയാണ്. മറ്റൊരു പ്രശ്നം കമ്പനിയ്ക്ക് എത്ര വെള്ളം ഊറ്റിയെടുക്കാമെന്നതാണ്. കേരള ഹൈക്കോടതി നിയോഗിച്ച വിദഗ്ധ കമ്മറ്റി കമ്പനിയ്ക്ക് പ്രതിദിനം 5 ലക്ഷം ലിറ്റർ എടുക്കാമെന്നും ശുപാർശ ചെയ്തു. ആ ശുപാർശ കോടതി അംഗീകരിച്ചു ഉത്തരവാക്കി. കമ്മിറ്റിയുടെ ശുപാർശ തെറ്റായ നിരീക്ഷണങ്ങളുടെയും അടിസ്ഥാനമില്ലാത്ത കണക്കുകൂട്ടലുകളുടെയും ഫലമാണെന്ന് പഞ്ചായത്തിനുവേണ്ടി ഹൈക്കോടതിയിൽ എതിർപ്പുണ്ടായി. എന്നാൽ അത്തരം എതിർപ്പ് കമ്മിറ്റിയുടെ അവസാന റിപ്പോർട്ടിനെ സംബന്ധിച്ച് പഞ്ചായത്തിന്റെ വക്കീൽ പറഞ്ഞില്ല എന്ന നടപടിക്രമ സാധുത ആണ് കോടതി പരിഗണിച്ച് ഉത്തരവിറക്കിയത്. ഇതൊക്കെ ഇപ്പോൾ സുപ്രീം കോടതിയിൽ പരിഗണനക്കായി കാത്തു കിടക്കുകയാണ്.

ജലക്ഷാമത്തിനു വിധേയരായ ഗ്രാമവാസികൾക്ക് വെള്ളം കൊടുക്കാൻ കമ്പനി തയ്യാറായി. ടാങ്കർ ലോറികളിൽ കൊണ്ടുവന്ന വെള്ളം ആരും വാങ്ങി ഉപയോഗിച്ചില്ല. അവർക്ക് ശുദ്ധജലമെത്തിക്കാൻ വാട്ടർ അതോറിറ്റിയെക്കൊണ്ട് സംവിധാനം ഉണ്ടാക്കിക്കാമായിരുന്നു. സുപ്രീം കോടതി നിയോഗിച്ച പ്രാദേശിക പരിസ്ഥിതി കമ്മിറ്റി അങ്ങനെ ഒരു ശുപാർശ സുപ്രീം കോടതി മോണിറ്ററിങ്ങ് കമ്മിറ്റിയ്ക്ക് സമർപ്പിച്ചോ എന്നറിയില്ല. ഏലൂർ പഞ്ചായത്തിലെ ചില വാർഡുനിവാസികൾക്ക് ശുദ്ധജല വിതരണം ചെയ്യാൻ ഇപ്പോൾ വാട്ടർ അതോറിറ്റി ശ്രമിച്ചുവരികയാണ്. ഏലൂരിലെ നാലു കമ്പനികളുടെ മലിനീകരണം മൂലം ശുദ്ധജലം ലഭിക്കാത്ത ഏലൂർ പഞ്ചായത്തു വാർഡുകളാണിവ. അവർക്ക് വെള്ളം കൊടുക്കാനുള്ള സംവിധാനമുണ്ടാക്കാൻ ഓരോ കമ്പനിയും 35 ലക്ഷം രൂപ കൊടുക്കാമെന്ന് സമ്മതിച്ചിരിക്കയാണ്. അതുണ്ടായത് പ്രാദേശിക പരിസ്ഥിതി കമ്മിറ്റിയുടെ ശുപാർശ കൊക്കൊണ്ട് സുപ്രീം കോടതി മോണിറ്ററിങ്ങ് കമ്മിറ്റി മലിനീകരണ നിയന്ത്രണ ബോർഡിനെ നിർബന്ധിച്ചതുകൊണ്ടാണ്. ഇങ്ങനെ പ്ലാച്ചിമടയിലും ആകാമായിരുന്നു. ഇനിയും പറ്റുമോ എന്ന് നോക്കണം.

നഷ്ട പരിഹാരത്തിനായി സമരം ചെയ്യുന്നവരുടെ ആവശ്യങ്ങൾക്ക് അടിസ്ഥാനമുണ്ടാക്കിക്കൊടുക്കേണ്ട ബാദ്ധ്യത സമരസഹായസമിതികൾക്കുണ്ട്. ഇതിന് രണ്ടു കാര്യങ്ങൾ ചെയ്യണം. ഒന്ന് മലിനീകരണം മൂലം സമീപവാസികൾക്ക് പ്രത്യേകിച്ച് ഗ്രാമത്തിന് പൊതുവെയും ഉണ്ടായിട്ടുള്ള നഷ്ടം എത്ര രൂപയുടെ നഷ്ടമാണെന്ന് ശാസ്ത്രീയമായി തിട്ടപ്പെടുത്തണം. രണ്ട് കമ്പനിയുടെ പ്രവർത്തനഫലമായുണ്ടായ മാലിന്യങ്ങളാണ് സമീപവാസികളുടെ ശുദ്ധജല സ്രോതസ്സുകളെ ഉപയോഗശൂന്യമാക്കിയതെന്നതിനും

**വരയും വരിയും - റഫീഖ് അഹമ്മദ്**




ശാസ്ത്രീയ തെളിവുണ്ടാക്കണം. ഇതിനായി ശാസ്ത്രസാഹിത്യ പരിഷത്തംഗവും കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ പ്രൊഫസറുമായ ഡോ. ചന്ദ്രമോഹൻകുമാർ ഒരു രീതിശാസ്ത്രം നിർദ്ദേശിച്ചിട്ടുണ്ട്. അത് പ്രായോഗിക പ്രവർത്തന പ്രോജക്റ്റാക്കി പഠനം നടത്തണം.

മേൽപ്പറഞ്ഞ രണ്ട് തെളിവുകളും വച്ചുകൊണ്ട് കമ്പനിയോട് നഷ്ടപരിഹാരം ആവശ്യപ്പെടാം. കമ്പനി സമ്മതിച്ചില്ലെങ്കിൽ കോടതിയെ സമീപിക്കാം. പക്ഷെ ഇതിന് പുറപ്പെടുംമുമ്പ് തർക്കമറ്റ തെളിവുകളും കണക്കുകളും അർഹരായ നഷ്ടബാധിതരെപ്പറ്റി കൃത്യമായ ലിസ്റ്റും, ഓരോരുത്തരുടെയും അർഹമായ വിഹിതത്തെപ്പറ്റിയുള്ള വിവരവും, നഷ്ടപരിഹാരത്തിന് അർഹതയുള്ളവർ തമ്മിൽ എഴുതി ഒപ്പിട്ട സമ്മതിപത്രവും (എം.ഒ.യു) ഉണ്ടാക്കണം. ഈ പ്രവർത്തനത്തിനായി ഐകകണ്ഠേന ഒരു ചെറിയ കമ്മിറ്റിക്ക് ചുമതല കൊടുക്കണം. ഇത് ഉടൻ ചെയ്യേണ്ട കാര്യമാണ്.

സമരസമിതിയും സഹായസമിതികളും ഒന്നിച്ചിരുന്ന് ഭാവി പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്യണം. ഈ പ്രവർത്തകരെ സഹായിക്കാൻ ഒരു സന്നദ്ധ സംഘത്തെ വാർത്തെടുക്കണം. പാലക്കാട് ജില്ലയിലെ കോളേജുകളിൽ നിന്നോ, ഇക്കോ ക്ലബ്ബു ലീഡർമാരിൽനിന്നോ ഇവരെ കണ്ടെത്തണം. കാര്യവിവരവും പ്രാപ്തിയുമുള്ള മുതിർന്ന വിദ്യാർത്ഥികളോ ചെറുപ്പക്കാരായ അദ്ധ്യാപകരോ ആവണം. അവർ നിർബന്ധമായും കേരളീയം 2005 ജനുവരി ലക്കത്തിൽ പ്രസിദ്ധീകരിച്ച "പ്ലാച്ചിമട: കുടിവെള്ളം, മലിനീകരണം; സമരം അഭിമുഖീകരിക്കേണ്ടത്" എന്ന ലേഖനം വായിച്ചു പഠിച്ചിരിക്കണം. ഒരു 5-6 പേർമതി. അവർക്ക് ഒരു പഠന ക്യാമ്പ് സംഘടിപ്പിക്കുകയുമാവാം. മുണ്ടൂരിലെ ഐ.ആർ.റ്റി.സിയിൽ വച്ച് ഇതു നടത്താൻ നമുക്ക് ശ്രമിക്കാം. നമ്മുടെ ബുദ്ധിജീവികൾ പ്ലാച്ചിമട പോലുള്ള പ്രശ്നങ്ങൾക്ക് സുസ്ഥിര വികസനത്തിലുള്ള പ്രസക്തിയെപ്പറ്റി അറിയേണ്ടതുണ്ട്. സമരത്തിൽ പങ്കെടുക്കുകയോ സഹായിക്കുകയോ ചെയ്തില്ലെങ്കിലും ഈ വക വിഭവ ഉപഭോഗ സമസ്യകൾ നമ്മുടെ നാടിന്റെ ഭാവിയെ ബാധിക്കുന്ന കാര്യമാണെന്ന് കൂടുതൽ കൂടുതൽ ആളുകൾ അറിയണം. അടുത്ത പഞ്ചവത്സര പദ്ധതിക്ക് രൂപരേഖയുണ്ടാക്കുന്നവർ ഓരോ പ്രാദേശത്തിന്റെയും വികസനത്തെപ്പറ്റി ആലോചിക്കുമ്പോൾ, പുത്തൻ മുതൽമുടക്കും വ്യവസായവും എങ്ങനെയാമ് പൊതുമുതലായ പ്രകൃതി വിഭവങ്ങളെ ബാധിക്കുക എന്നീ കാര്യങ്ങൾ കണക്കിലെടുത്തേ തീരൂ. അതുകൊണ്ട് പ്ലാച്ചിമട പോലുള്ള പ്രശ്നങ്ങളെപ്പറ്റി നമ്മുടെ ബ്യൂറോക്രാറ്റുകൾപോലും മനസ്സിലാക്കേണ്ടിയിരിക്കുന്നു. പ്ലാച്ചിമട സമരസമിതി ഇതിനായി വ്യാപകമായ പ്രചരണ/ബോധവൽക്കരണ പരിപാടി ഉണ്ടാക്കുന്നത് നന്നാവും.


**ഉടനെ പ്രതീക്ഷിക്കുക**

## കേരളീയം
## സൈക്കിൾ പുസ്തകം

**നമ്മിൽ ആരാണ് സഞ്ചാരിയല്ലാത്തത്. യാത്രകൾ,........ ശാരീരികമായും മാനസികമായും നമ്മൾ ധാരാളം യാത്ര ചെയ്യുന്നു. വിവിധതരം യാത്രക്കാർ. അത് സൈക്കിളുമായി ബന്ധപ്പെട്ടായാലോ? സഞ്ചാരത്തിന്റെ കുറിപ്പുകൾ. ഓർമ്മകൾ, അനുഭവങ്ങൾ, ഫോട്ടോകൾ, ചിത്രീകരണങ്ങൾ, ആഹ്ലാദങ്ങൾ, കൗതുകങ്ങൾ, കഥകൾ, തമാശകൾ,.......... എല്ലാം ഈ സൈക്കിൾ പുസ്തകത്തിൽ ചേർക്കണമെന്നുണ്ട്.**

സൈക്കിൾ യാത്രികരുടെ പുസ്തകം. എന്നാൽ സ്വന്തം അനുഭവങ്ങളോടൊപ്പം താങ്കളുടെ ശ്രദ്ധയിൽപ്പെട്ട (കാഴ്ച, കേൾവി, വായന,..) എല്ലാം എഴുതുക.

മലയാളത്തിലെ ആദ്യത്തെ സൈക്കിൾ പ്രത്യേക പതിപ്പിറക്കിയ കേരളീയത്തിന്റെ ഈ പുസ്തകത്തിലേക്ക് **മലയാളത്തിന്റെ ആദ്യ സൈക്കിൾ പുസ്തകത്തിലേക്ക്** താങ്കളുടെ പൂർണ്ണ പങ്കാളിത്തം പ്രതീക്ഷിക്കുന്നു.

എഴുതുക : കേരളീയം, കൊക്കാലെ, തൃശൂർ - 21.

**കേരളീയം പ്രത്യേക ലക്കങ്ങൾ പ്രതീക്ഷിക്കുക**

- മനുഷ്യബോധം എന്ന അത്ഭുതം
  മുഖ്യലേഖനം/പഠനം: കെ.എ. ജയശീലൻ
  കുറിപ്പ്, പഠനം, നിരീക്ഷണം, അഭിമുഖം, പുസ്തകപരിചയം, ലേഖനം....
  ഗസ്റ്റ് എഡിറ്റർ : മുകുന്ദനുണ്ണി
- ആയുർവ്വേദത്തിന്റെ ആരോഗ്യം?
  ഗസ്റ്റ് എഡിറ്റർ : ഡോ. എം. പ്രസാദ്
- സാമ്പത്തിക പതിപ്പ്-ധനകാര്യസ്ഥാപനങ്ങൾ
  ഗസ്റ്റ് എഡിറ്റർ : ഡോ. സെബാസ്റ്റ്യൻ ചിറ്റിലപ്പിള്ളി
- മഴ - അറിവ്, അനുഭവം
  ഗസ്റ്റ് എഡിറ്റർ : വി.എം. ഗിരിജ
- കുടുംബം, ലൈംഗികത
  ഗസ്റ്റ് എഡിറ്റർ : ഡോ. ജയശ്രീ